വാങ്ങിയിട്ടില്ല. ഒരു വാർഡ് പണിയുന്നതിനുള്ള മുഴുവൻ ചിലവും സംഭാവന ചെയ്യാൻ നിവൃത്തിയില്ലെന്നു് അദ്ദേഹം അറിയിച്ചതുകൊണ്ടു് ഈ സംഗതി വേണ്ടെന്നുവെയ്ക്കുകയാണു ചെയ്തതു്.

(സി) ആഫീസ് ഫയൽ മേശപ്പുറത്തു വയ്ക്കാൻ നിവൃത്തിയില്ല.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: ഇതിനു വേണ്ട സ്ഥലം തരാമെന്നു പറഞ്ഞിട്ടില്ലെ?

മിസ്റ്റർ സി. എ. ഔസേപ്പ്: നോട്ടീസു വേണം.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: ഈ രണ്ടു വ്യക്തികളും ആത്മപത്രി ഉണ്ടാക്കുന്നതിനു അനുവാദം തരണമെന്നാണോ ആവശ്യപ്പെട്ടതു്?

മിസ്റ്റർ സി. എ. ഔസേപ്പ്: ഉണ്ടായ സംഭവം ഇതിൽ പറഞ്ഞിട്ടുണ്ടു്.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: എന്റെ അറിവു പറയുവാൻ വിരോധമുണ്ടോ? അതായതു് അലികുഞ്ഞിസാഹിബ്ബു് ൨ ഏക്കർ സ്ഥലവും രണ്ടായിരം ഉറുപ്പികയും ഇസ്മാൽ സേട്ട പതിനായിരം ഉറുപ്പികയും തവണ്ണമുണ്ടു് അവിടെ ഒരു പ്രസവാസ്പത്രി പണിയുവാൻ തയ്യാറാണെങ്കിൽ സംഭാവന ചെയ്യാമെന്നായിരുന്നു പറഞ്ഞിരുന്നതു്.

മിസ്റ്റർ സി. എ. ഔസേപ്പ്: ഒരു പ്രസവാസ്പത്രി പണിയുന്നതിനു ൨ ഏക്കർ സ്ഥലവും രണ്ടായിരവും പതിനായിരവും ഉറുപ്പികയുംകൊണ്ടൊന്നുംസാദ്ധ്യമല്ല. ലക്ഷക്കണക്കിനു പണം വേണം.

മിസ്റ്റർ ടി. പി. സീതാരാമൻ: ഈ ആത്മപത്രി കൊടുങ്ങല്ലൂരിൽ ആവശ്യമാണെന്നു തവണ്ണമെന്നിതിനു് അറിയാമൊ?

മിസ്റ്റർ സി. എ. ഔസേപ്പ്: പ്രസവാസ്പത്രി എല്ലായിടത്തും ആവശ്യമാണെന്നറിയാം.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: ചീഫ് മെഡിക്കൽ ആഫീസർ വന്നു സ്ഥലം പരിശോധിച്ചു പോയിട്ടുണ്ടൊ?

മിസ്റ്റർ സി. എ. ഔസേപ്പ്: ഉണ്ടു്. പക്ഷെ ആലോചിച്ചല്ലാതെ ഇങ്ങിനെയുള്ള എഴുത്തുകുത്തു സ്വീകരിക്കുവാൻ നിവൃത്തിയില്ല.

CASH IN STOCK WITH THE TASHILDAR—TALAPPALLI TALUK—INFORMATION REGARDING

178. (309) മിസ്റ്റർ കെ. ഐ. വേലായുധൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു് സദയം മറുപടി പറയാമോ.—

(എ) നെല്ലുവില വിതരണത്തിനു് കച്ചവടക്കാരിൽ പോകുമ്പോൾ എത്ര സംഖ്യ വീതം തലപ്പിള്ളി താസിൽദാർ കൈവശം വെക്കാറുണ്ടു്;

(ബി) ഈ തുകകളിൽ എപ്പോഴെങ്കിലും ഗണ്യമായ വ്യത്യാസം കണ്ടിട്ടുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ:

(എ) ഓരോ കച്ചവടക്കാരിലും കൊണ്ടുപോകുന്ന സംഖ്യ, ആ കച്ചവടക്കാരിൽവെച്ചു നെല്ലു വില കൊടുപ്പാൻ തീർച്ചപ്പെടുത്തിയിട്ടുള്ള വില്ലേജുകളിൽനിന്നും വാങ്ങിയിട്ടുള്ള നെല്ലിന്റെ തോതനുസരിച്ചു് വ്യത്യസ്തപ്പെട്ടിരിക്കും.

(ബി) ഇല്ല.

INJUNCTION ORDERS—NUMBER OF

179. (216) **Mr. K. I. Velayudhan** *(pazhanji)*: Will Government be pleased to state.—the number of instances in which injunction orders have been passed by the Cochin Courts since Medam 1123 restraining the *so-called excluded classes* from entering temples?

Mr. P. Govinda Menon *(Minister for Finance and Law)*: 56.

MAINTENANCE OF ROADS—AMOUNT SPENT PER MILE

180. (131) മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ എഴുതുന്ന ചോദ്യങ്ങൾക്കു് ഉത്തരം പറയുവാൻ ബഹുമാനപ്പെട്ട ഗവണ്മെണ്ടിനു ദയവുണ്ടാകുമോ.—

(എ) സ്റ്റേറിലെ പി. ഡബ്ലിയു. ഡി. റോഡുകളുടെ സംരക്ഷണത്തിനു മൈൽ ഒന്നുക്കു ഗവണ്മെണ്ടു് എത്ര തുക ചിലവുചെയ്യുന്നുണ്ടു്.,

(ബി) സ്റ്റേറിലെ പഞ്ചായത്തു റോഡുകളുടെ സംരക്ഷണത്തിനു മൈൽ ഒന്നുക്കു് ഗവണ്മെണ്ടു് എത്ര ചിലവു ചെയ്യുന്നുണ്ടെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly